● നോവൽ ●



● കാരൂർ സോമൻ

അദ്ധ്യായം 2

# കാലയവനിക

ഇനിയെന്റെ വീട്ടിൽ നീ കാലു കുത്തരുതെന്ന് സ്വന്തം അച്ഛൻ പറഞ്ഞത്. പക്ഷേ, അന്ന് താങ്ങുംതണലുമായി അവനുണ്ടായിരുന്നു. ആ അവനാണിപ്പോൾ ഒരു പിടി ചാരമായി മാറിയിരിക്കുന്നത്.

സിന്ധു, ഇതൊക്കെ കണ്ട് നീ വിഷമിക്കേണ്ട. അറിവും സ്നേഹവുമില്ലാത്ത മനുഷ്യർക്ക് ഇതൊക്കെ ചെയ്യാനാകു. നമ്മൾ സ്നേഹത്തിന്റെ അന്തരാത്മാവിൽ ജീവിക്കുന്നവരാണ്. ഇവർക്കൊന്നും അത് മനസ്സിലാകില്ല. ഇനിയും ഇവരുമായുള്ള ബന്ധം നമ്മുക്കും വേണ്ട വരു...

രമേശ് അന്നു പറഞ്ഞ വാക്കുകൾ ഹൃദയഭിത്തികളിൽ വീണ്ടും വീണ്ടും ഊക്കോടെ വന്ന് തട്ടുന്നു. മകനെ ചേർത്തു പിടിച്ചു. അവൻ കണ്ണുപറിക്കാതെ അവർ കാറിൽ കയറിപ്പോയതും നോക്കിനിന്നു. അവരുടെ കത്തുന്ന കണ്ണുകൾ പറഞ്ഞതെന്തെന്ന് അവന് മനസ്സിലായിക്കാണില്ല. ഇനിയും അവരെയോർത്ത് ഭാരപ്പെട്ടിട്ട് കാര്യമില്ല. അവർ രമേശേട്ടന്റെ വീതം പങ്കിട്ട് തിന്നട്ടെ. അരമനപോലുള്ള വീട്ടിൽ സസുഖം വാഴട്ടെ. നിത്യവും ഉല്ലസിച്ച് ഉറങ്ങട്ടെ.

സ്നേഹിച്ച് വിവാഹം കഴിക്കാൻ അനുവദിക്കാത്ത ജാതിയും മതവും ഞങ്ങളെ ആട്ടിപ്പുറത്താക്കി. എന്നിട്ടും ഞങ്ങൾ ഈ മണ്ണിൽ ഇത്രയും കാലം ജീവിച്ചു. എല്ലാവരുമുണ്ടായിട്ടും സ്വന്തം നാട്ടിൽ പരദേശികളായിരുന്നു. ചേട്ടൻ എപ്പോഴും പറയുമായിരുന്നു. ഈ മതങ്ങളുടെ ചങ്ങലയിൽ നാം സ്വയം തളയ്ക്കരുത്. സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കുക. ഭയ പ്പെടരുത്, മനുഷ്യന് ദൈവം ജ്ഞാനവും വിവേകവും കൊടു ത്തത് പാരമ്പര്യങ്ങളെ കാത്ത് സംരക്ഷിക്കാനല്ല, കൽപ്പനകളും ചട്ടങ്ങളും അതുപോലെ സ്തുതിക്കാനുമല്ല.

ആദ്യം ചേട്ടന് വിലക്ക് ഏർപ്പെടുത്തിയത് അമ്പലവും കമ്മറ്റിക്കാരുമായിരുന്നു. അമ്പലം വിശുദ്ധിയോടെ കാണേണ്ടവൻ വിശുദ്ധിയില്ലാത്തവരെന്ന് തുറന്നു പറഞ്ഞതായിരുന്നു കാരണം. ആദ്യം ഹൃദയം ദേവാലയമാക്കണം. ഹൃദയവിശുദ്ധിയില്ലാത്തവർ ദേവാലയങ്ങളിൽ ഭരണത്തിനു നിൽക്കരുത്. കൂരമ്പേറ്റവരിൽ അദ്ദേഹത്തിന്റെ അച്ഛനുമുണ്ടായിരുന്നു. കൃഷ്ണൻ നായരെ ഓർത്ത് മാത്രം അമ്പലക്കമ്മിറ്റിക്കാർ രമേശിനു കൊട്ടേഷൻ കൊടുക്കാതെ വിട്ടു. പക്ഷേ, അമ്പലക്കാരും വീട്ടുകാരും സഖ്യകക്ഷി രൂപീകരിച്ചപ്പോൾ രമേശിന് സ്വന്തം നാട്ടിൽ നിന്ന് ഒളിച്ചോടേണ്ടിവന്നു.

മകൻ മുഴുവൻ സമയ നാടകക്കാരനായെന്നാണ് വീട്ടുകാർ പിന്നെയറിയുന്നത്. നീണ്ട പത്ത് വർഷത്തിനു ശേഷം അച്ഛനെ കാണാൻ വീട്ടിലെത്തിയപ്പോൾ ഭാര്യയുമുണ്ടായിരുന്നു കൂടെ. മകൻ മറ്റൊരു മതവിശ്വാസിയെ വിവാഹം ചെയ്തത് നാട്ടുകാർ അറിഞ്ഞിരുന്നു. കണിയാൻ സ്വാമി കവടി പറഞ്ഞത്, മകനെയും അന്യജാതിക്കാരിയെയും വീട്ടിൽ കയറ്റിയാൽ ദേവീകോപമുണ്ടാകുമെന്നത്രെ. മഹാപാപത്തിന് പരിഹാരമായി ഹോമയാഗം നടത്തണം. ദേവീ പ്രീതിക്കായി കാഹളക്കാർ കുഴലൂതുകയും നൂറ് കതിനവെടി പൊട്ടിക്കുകയും പുരോഹിതൻ പൂജനടത്തി ദക്ഷിണ വാങ്ങുകയും ചെയ്തു.

പക്ഷേ, നീണ്ടവർഷങ്ങൾക്ക് ശേഷം രമേശും, പൂത്ത പൂമരം പോലെ സിന്ധുവും വീട്ടുമുറ്റത്ത് വന്നുകയറുമ്പോൾ പൂമുഖത്ത് ആരുമില്ല. രമേശിന്റെ കണ്ണുകളിൽ സന്തോഷത്തിന്റെ ബാഷ്പം പൊടിഞ്ഞിരുന്നു. അച്ഛന്റെ പകയും വിദ്വേഷവുമൊക്കെ മാറിയിട്ടുണ്ടാകുമെന്നു തന്നെ അവൻ കരുതി. ഇനി യഥാവാ വല്ല പ്രകോപനമുണ്ടായാലും അച്ഛനോട് കയർത്തു സംസാരിക്കരുതെന്നും തീരുമാനിച്ചിരുന്നു.

തൊടിയിൽ തെങ്ങുകളും മരങ്ങളും വളരെ വളർന്നിരിക്കുന്നു. കാക്കയും കിറുങ്ങണത്തിപ്പക്കിയും നത്തും അണ്ണാറക്കണ്ണന്മാരും മരങ്ങളിൽ തത്തിക്കളിക്കു ന്നു. ആകാശത്ത്